MR. K. A. MATHEW : സർ, ഞാൻ ഒരു ഷോർട്ട് നോട്ടീസ്സു ക്വസ്റ്റ്യൻ അയച്ചിരുന്നു. അതിനു മറുപടി പറയുമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : The question has been disallowed. You will get a reply why it has been disallowed.

അജൻറായിലെ അടുത്ത ഐറ്റത്തിലേയ്ക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരു സ്റ്റേറ്റുമെൻറു പുറപ്പെടുവിക്കാനുണ്ട്. ഞാൻ ഈ ഹൗസിൻെറ പ്രസിഡൻറായതുകൊണ്ടു ഇൻഡ്യൻകാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലിയിലെ എൻെറ മെമ്പർസ്ഥാനം ഞാൻ രാജിവച്ചിരിക്കുന്നു. ആ ഒഴിവിൽ ഒരാളെ തിരഞ്ഞെടുക്കണമെന്നു ഗവൺമെൻറിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നതിനാൽ അതിലേക്കുള്ള നാമനിർദ്ദേശം ഈ മാസം 24-ാംനു 12 മണിക്കു മുൻപു കിട്ടേണ്ടതാണ്. ആവശ്യമെന്നു കണ്ടാൽ അന്നു തന്നെകിട്ടുതന്നെ തിരഞ്ഞെടുപ്പു നടത്തുന്നതായിരിക്കും.

MR. KALATHIL VELAYUDHAN NAIR (*Changanachery II—General*) : ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറു അസംബ്ലിയിൽനിന്നു രാജിവച്ചാൽ അതു അവിടെ അംഗീകരിച്ച വിവരം പ്രസിദ്ധപ്പെടുത്തിയശേഷമല്ലാതെ തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമുണ്ടോ ?

MR. PRESIDENT : കഴിഞ്ഞ പ്രാവശ്യം ഇതുപോലെയാണു ചെയ്തതു്. അവിടെനിന്നും എഴുതിവരുന്നതുവരെ ഇവിടെ തിരഞ്ഞെടുപ്പു നടത്താൻ താമസിപ്പിച്ചാൽ മെമ്പർക്കു അവിടെ ഹാജരാകാൻ താമസമുണ്ടാകും. അതുകൊണ്ടു അവരുടെ സാങ്ഷൻ ഞാൻറിസിപ്പേറു ചെയ്തുകൊണ്ടു തിരഞ്ഞെടുപ്പു നടത്തുകയാണു്.

MR. K. VELAYUDHAN NAIR : വേക്കൻസി, ഉണ്ടാകുന്നതിനുമുൻപു തിരഞ്ഞെടുപ്പു നടത്തുന്നതു ശരിയാണോ?

MR. PRESIDENT : വേക്കൻസി ഉണ്ടായിക്കഴിഞ്ഞു. രാജി സ്വീകരിച്ചു തിരഞ്ഞെടുപ്പു നടത്തണമെന്നു ഇവിടെ എഴുതി വരുന്നതിനു കാലതാമസം വരും. അതിനു മുൻപു തിരഞ്ഞെടുപ്പു് നടന്നില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവർക്കു അവിടെ തക്ക സമയത്തു ഹാജരാകാൻ പ്രയാസമായിരിക്കും. അതുകൊണ്ടു സൗകര്യത്തിനുവേണ്ടി ഇങ്ങനെ ചെയ്യുന്നതാണു്.

RESOLUTIONS

Resolution re: Monthly Session of the Legislature.

MR. MOHAMMED MUSTAFA : സർ, താഴെക്കാണുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:—"പാർലമെൻററി സമ്പ്രദായമനുസരിച്ചുള്ള മന്ത്രിസഭ, ഭരണം നിർവ്വഹിക്കുന്ന ഈ സന്ദർഭത്തിൽ പൊതുജനാഭിപ്രായവും

LIBRARY ARCHIVES Kerala Legislative Assembly